# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2690 — 14/12/2015 -ൽ മറുപടിക്ക്

## കൊട്ടാരക്കരയിലെ ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പാതി വഴിയിൽ ഉപേക്ഷിച്ചതുമായ ജലവിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ "NC-PC WSS to Anthamon area in Mylom Panchayat" എന്ന ഒരു പദ്ധതി ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ആയവയ്ക്ക് ചെലവഴിച്ച ആകെ തുകകളും എത്രയാണ്; | (ബി) പ്രസ്തുത പദ്ധതി 2004-ൽ ആരംഭിച്ചു. ഈ പദ്ധതിക്കായി ഇതുവരെ ആകെ 51,40,825/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികളിൽ പുനരുജ്ജീവിപ്പിക്കാവുന്ന പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) ഈ പദ്ധതിയുടെ കിണറിന്റെ നിർമ്മാണ ഘട്ടത്തിൽ കരാറുകാരനും വാട്ടർ അതോറിറ്റിയുമായി തർക്കം ഉണ്ടാവുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരികയും തുടർന്ന് ഈ പദ്ധതി നിർത്തിവച്ചിട്ടുള്ളതുമാകുന്നു. ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ